നം കെഎസ്എ.കെടിഎം.പി-2-1945/2016 തീയതി 29.12.2016

# കോട്ടയം ജില്ലയിലെ കടനാട് ഗ്രാമ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.01.2016 മുതൽ 30.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 21.12.2016 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി സിനി .എം വി. , ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.12.16 മുതൽ 21.12.16 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സജി.പി.ആർ. | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഡാനിമോൾ.കെ.ജെ. | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാജിമോൻ.പി.ബി. | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ബിന്ദു ബിനു. | 1.4.15മുതൽ 31.10.15 വരെ |
| | ശ്രീ.ജോസഫ് ബെനഡിക്ട് | 19.11.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | ശ്രീ.പി.എൻ. ഉണ്ണിക്യഷ്ണശർമ്മ | 1.4.15 മുതൽ 3.1.16 വരെ |
| | ശ്രീ.രാജീവ്.ആർ. | 4.1.16 മുതൽ 3.2.16 വരെ |
| | ശ്രീ.പി.എൻ. ഉണ്ണിക്യഷ്ണശർമ്മ | 4.2.16 മുതൽ 31.3.16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | | |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.രാജീവ്.ആർ. | 1.4.15മുതൽ 31.3.16വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.തമ്പി ക്യഷ്ണൻ. | 1.4.15മുതൽ 31.3.16വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.പരീദുദ്ദീൻ.വി.എം. | 1.4.15മുതൽ 31.3.16വരെ |
| വി.ഇ.ഒ (കൊല്ലപ്പള്ളി) | ശ്രീ.സുനിത് ഗോപാലകൃഷ്ണൻ | 1.4.15മുതൽ 31.3.16വരെ |
| വി.ഇ.ഒ (നീലൂർ) | ശ്രീ.അജിത് കുമാർ.ജി. | 1.4.15മുതൽ 31.3.16വരെ |
| ഡി.ഇ.ഒ | ശ്രീ.പ്രദീഷ്കുമാർ.സി. | 1.4.15മുതൽ 31.3.16വരെ |
| വെറ്ററിനറി സർജൻ | ഡോ.മിഥുൻ.എം.വി. | 1.4.15മുതൽ 31.3.16വരെ |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ശ്രീമതി.ഗീതാംബിക.എ.എൻ. | 1.4.15മുതൽ 31.3.16വരെ |
| എം.ഒ.(പി.എച്ച്.സി) | ഡോ.യശോധരൻ ഗോപാലൻ | 1.4.15മുതൽ 31.3.16വരെ |
| എച്ച്.എം. | ശ്രീമതി.ശ്രീജയന്തി ദേവി | 1.4.15മുതൽ 31.3.16വരെ |
| എം.ഒ.(ആയുർവേദം) | ഡോ.വിനീത്.ആർ. | 1.4.15മുതൽ 31.3.16വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1--പൊതുഅവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2--വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |

| | |
|---|---|
| 2-2-1 | വസ്തുനികുതി--100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് താഴ്ന്ന നിരക്കിൽ നികുതി നിർണ്ണയിച്ചത് മൂലം 17888 രൂപ നഷ്ടം |
| 2-2-2 | വസ്തുനികുതി--കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതു മൂലം 1749/- രൂപയുടെ നഷ്ടം |
| 2-3-1 | ഡി & ഒ ട്രേഡ് ലൈസൻസ് നൽകിയ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-3-2 | സ്ഥാപനങ്ങളെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 2-3-3 | സന്ധ്യ ഡവലപ്പ്മെന്റ് സൊസൈറ്റിയിലെ മുഴുവൻ ജീവനക്കാരുടേയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-4-1 | മോട്ടോർ ഉപയോഗിക്കുന്നതിന്റെ ഫീസ് കുറവായി ഈടാക്കി |
| 2-4-2 | മോട്ടോർ ഉപയോഗിക്കുന്നതിന്റെ ഫീസ് ഈടാക്കിയില്ല |
| 2-4-3 | ഡി & ഒ ട്രേഡ് ലൈസൻസ് അപാകതകൾ |
| ഭാഗം-3--ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | പശുവിതരണം (വനിത)--അപാകതകൾ |
| 3-2 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ--അപാകതകൾ |
| 3-3 | പാലിയേറ്റീവ് കെയർ പ്രോജക്ടിന് മരുന്ന് വാങ്ങൽ--49245/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. |
| 3-4 | ഗവ.ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ--നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ല |
| 3-5 | ഇളക്കിമാറ്റിയ സോളാർ തെരുവ് വിളക്കുകൾ നാളിതുവരെ പുനസ്ഥാപിച്ചിട്ടില്ല |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |

| | |
|---|---|
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ് തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ജനറൽ കമ്മറ്റി അംഗീകരിച്ചു. 2015-16 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് 5.3.2016 ൽ ചേർന്ന ജനറൽ കമ്മറ്റി 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 5801131 |
| വരവ് | 72017200 |
| ആകെ | 77818331 |
| ചെലവ് | 71388200 |
| നീക്കിയിരിപ്പ് | 6430131 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 30-7-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക ധനകാര്യപത്രികയുടെ അവലോകനം ഈ റിപ്പോർട്ടിന്റെ ഭാഗം-2 ൽ 2-1 ഖണ്ഡികയായി ചേർത്തിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം റിപ്പോർട്ടിന്റെ അനുബന്ധമായും ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

*(റസീറ്റ് & പേയ്മെന്റ് പത്രികപ്രകാരം)*

| | |
|---|---|
| മുന്നിരിപ്പ് | 16423559 |
| വരവ് | 26966853 |
| ആകെ | 43390412 |
| ചെലവ് | 34769937 |

| | |
|---|---|
| നീക്കിയിരിപ്പ് | 8620475 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് (Rp-40B) |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 1902215 | 5482126 | 10402158 | 10402158 | (+)3017817 | 0 |
| വികസനഫണ്ട് (എസ് സി പി) | 480800 | 1043999 | 1047999 | 1047999 | (-)476800 | 0 |
| വികസനഫണ്ട് (ടി എസ് പി) | 33420 | 365420 | 365420 | 365420 | (-)33420 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1048376 | 5445451 | 4411493 | 4411493 | (-)2082334 | 0 |
| ലോകബാങ്ക് ധനസഹായം | 2487168 | 289971 | 2351876 | 2351876 | (-)425263 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 552172 | 2035620 | 2587792 | 2842306 | 254514 രൂപ നോൺറോഡ് വിഭാഗത്തിൽനിന്ന് റോഡ് വിഭാഗത്തിലേയ്ക്ക് വകമാറ്റി ചെലവഴിച്ചിട്ടുണ്ട്. | 0 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 726276 | 1112806 | 1839082 | 1584568 | | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 151 | 31484942 | 128 | 24963865 | 0 | 23 | 84.77 |

നേട്ടങ്ങൾ

ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പിന് 468000/-രൂപ ചെലവഴിച്ച് വിജയകരമായി പ്രോജക്ട് നടപ്പാക്കി ഭിന്നശേഷിയുള്ളവർക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകി.

പാലിയേറ്റീവ് കെയർ പദ്ധതി വിജയകരമായി നടത്തിവരുന്നു.

തെരുവുവിളക്കുപദ്ധതിയിൽ സോളാർ വിളക്കുകൾ വാങ്ങുന്നതിന് തുകവിനിയോഗിച്ചു.

2 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ചു.

കോട്ടങ്ങൾ

കൃത്യമായ ഉപഭോഗം നിർണ്ണയിക്കാതെയും മീറ്ററിംഗ് സംവിധാനം പൂർണ്ണമായി ഏർപ്പെടുത്താതെയും തെരുവുവിളക്കുകളുടെ വൈദ്യുതിച്ചാർജ് അടവാക്കുന്നു.

പി എച്ച് സി /ഹോമിയോ ഡിസ്പെൻസറികളിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിന് തുക ഒടുക്കിയെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 87000 | 46 |
| കർഷകതൊഴിലാളി പെൻഷൻ | 3213570 | 368 |
| വിധവാപെൻഷൻ | 3893040 | 402 |
| വാർദ്ധക്യകാലപെൻഷൻ | 4906110 | 1072 |
| വികലാംഗപെൻഷൻ | 1941830 | 194 |
| വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 395280 | 40 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.12.2016 തീയതി 3. പി എം. ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1543/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ബിൽഡിംഗ്പെർമിറ്റ് രജിസ്റ്ററിൽ കെട്ടിടം പൂർത്തിയാകുന്ന വിവരം, കെട്ടിടത്തിന് ബാധകമായ നികുതി നിർണ്ണയിച്ചു നൽകിയതിന്റെ വിവരം എന്നിവ ചേർക്കുന്നില്ല. വർക്ക് ബില്ലുകളിൽ നിന്നും പിടിക്കുന്ന വാറ്റ്, വരുമാനനികുതി, നിർമ്മാണത്തൊഴിലാളിക്ഷേമനിധിവിഹിതം എന്നീ തുകകളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. മതിയായ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവത്തിൽ സങ്കേതം സോഫ്റ്റ് വെയറിന്റെ സേവനം പഞ്ചായത്തിന് പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.5.16 - 25.5.16 | 04/16 | A1-57/15/16/ 30.5.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.6.2006- 5.7.2007 | 1997-98-2005-06 | എൽബിഎ /എച്ച് ക്യൂ/8A 1008/529/ 8.8.2006 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വാർഷിക കണക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അടിസ്ഥാന രേഖകളുമായി ഒത്തുനോക്കി പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) ഗ്രാമ പഞ്ചായത്തിന്റെ സ്ഥാവര ജംഗമ ആസ്ഥികൾ സാംഖ്യയിൽ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

2) ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ SGRY പദ്ധതിയിലെ അരിയുടെ സ്റ്റോക്ക് മൂല്യമായി 631772 രൂപ ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അരി നീക്കിബാക്കിയില്ല.
3)രസീത് & പേമെന്റ് പത്രികയിലെ ആകെ വരവിലും ചെലവിലും വ്യത്യാസം വന്നിട്ടില്ലെങ്കിലും RP-31 ഷെഡ്യൂളിലെ പൊതുവിഭാഗം വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വരവുവിവരങ്ങൾ എ സി ആറുമായി പൊരുത്തപ്പെടുന്നില്ല.

## 2-2-1 വസ്തുനികുതി-100ചതുരശ്ര മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് താഴ്ന്ന നിരക്കിൽ നികുതി നിർണയിച്ചത് മൂലം 17888 രൂപയുടെ നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ 4-ാം ചട്ടം ഒന്നാം ഉപചട്ടത്തിൽ പ്രതിപാദിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് (പഞ്ചായത്ത് കമ്മറ്റിയുടെ 5.1.12-ലെ VX- നമ്പർ തീരുമാനം). എന്നാൽ പഞ്ചായത്ത് നികുതി നിർണയം നടത്തിയ 100-/ചതുരശ്ര മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ (ചതുരശ്രമീറ്ററിന് 45രൂപ) 100 ച.മീറ്ററിൽ താഴെ വിസ്തൃതിയുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കുള്ള നിരക്കിലാണ് നികുതി ചുമത്തിയത്. കെട്ടിടങ്ങളെ വിഭജിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചത് താഴെ പറയും പ്രകാരം നികുതി നഷ്ടമുണ്ടാക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ വിവരം | കെട്ടിടത്തിന്റെ ഉപയോഗ വിവരം | തറ വിസ്തീർണം ച.മീറ്റർ | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (45രൂപ | നിർണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (60/ച.മീ.) | കുറവ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | നിരക്കിൽ) | | |
| 1 | 111-നീലൂർ 94/A മുതൽ Nവരെ | എ.എം.ജോസഫ്, അരീപ്പറമ്പിൽ | വാണിജ്യാവശ്യം | 543.76 | 24469+ (20% വർദ്ധനവ്) 4894 =29363 | 32626+ (20% വർദ്ധനവ്) 6525 =39151 | 9788 |
| 2 | X111 വല്ല്യാത്ത് 126/A മുതൽ L വരെ | അലക്സ്സ്കുട്ടി ജോർജ്, തെക്കേടത്ത് | വാണിജ്യാവശ്യം | 281.07 | 12648+ (20% വർദ്ധനവ്) 2530 =15178 | 16864+ (20% വർദ്ധനവ്) 3373 = 20237 | 5059 |
| 3 | 1X-കൊല്ലപ്പള്ളി 204-D മുതൽ 244-I വരെ | രാജൻ.പി.എൻ. &ലൈല | വാണിജ്യാവശ്യം | 168.93 | 7602+ (20% വർദ്ധനവ്) 1520 =9122 | 10136+ (20% വർദ്ധനവ്) 2027 =12163 | 3041 |
| | ആകെ | | | | | | 17888 |

നികുതി കുറഞ്ഞ നിരക്കിൽ നിർണയിച്ചതിനാൽ 17888/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇപ്രകാരം വസ്തു നികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.6) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2-2 വസ്തുനികുതി- കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതുമൂലം 1749/-രൂപയുടെ നഷ്ടം

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. (പഞ്ചായത്ത് കമ്മറ്റിയുടെ 5.1.12-ലെ XV- നമ്പർ തീരുമാനം ) എന്നാൽ പഞ്ചായത്ത് നികുതി നിർണയം നടത്തിയ 100 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള താഴെ പറയുന്ന കെട്ടിടത്തിന് ചതുരശ്രമീറ്ററിന് 45രൂപ നിരക്കിൽ മാത്രമാണ് നികുതി ചുമത്തിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ വിവരം | കെട്ടിടത്തിന്റെ ഉപയോഗ വിവരം | തറ വിസ്തീർണം ച.മീറ്റർ | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ | നിർണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (60/ച.മീ.) | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 1X കൊല്ലപ്പള്ളി 279-D | എം.എൻ. മുരളീധരൻ | വാണിജ്യാവശ്യം | 105.96 | 4768+ (10% വർദ്ധനവ്) 477 =5245 | 6358+ (10% വർദ്ധനവ്) 636 =6994 | 1749 |
| ആകെ | | | | | | 1749 |

നികുതി കുറഞ്ഞ നിരക്കിൽ നിർണയിച്ചതിനാൽ 1749രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വസ്തു നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.5) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയില്ല. തുക കെട്ടിട ഉടമകളിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-3-1 ഡി&ഒ ട്രേഡ് ലൈസൻസ് നൽകിയ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2015-16 സാമ്പത്തിക വർഷം ഡി & ഒ ട്രേഡ് ലൈസൻസ് നൽകിയ സ്ഥാപനങ്ങളിൽ നിന്നും ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. 2015-16 വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്യാമായിരുന്ന ഏതാനും സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ വിവരം | വ്യാപാരത്തിന്റെ സ്വഭാവം | സ്ഥാപന ഉടമ നൽകിയ അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ആകെ ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ജോജോ ജോസഫ്, താന്നിക്കൽ | സ്റ്റീൽ ടെക് ഇൻഡസ്ട്രീസ് | 14 |
| 2 | ഡീന അഗസ്റ്റിന്യൻ | ബെല്ലേസ്സ ക്രിയേഷൻസ് | 7 |
| 3 | ജോസഫ് മാത്യു, കുഴിഞ്ഞാലിൽ | കുഴിഞ്ഞാലിൽ ഗ്രാനൈറ്റ്സ് | 6 |
| 4 | സോണി. ജെ. ആന്റണി | ജേക്കബ് ആന്റ് റിച്ചാർഡ് ഇന്റർനാഷണൽ പ്രൈ. ലിമിറ്റഡ് | 9 |
| 5 | മൊയ്തീൻകുട്ടിനഹ, പുതീയ്ക്കാപ്പറമ്പിൽ | പി& എ സാന്റ് ഇൻഡസ്ട്രീസ് | 10 |
| 6 | രാജേഷ് ഫിലിപ്പ്, പുളിക്കൽ | ഫറോ കാസ്റ്റ് ഇൻഡസ്ട്രീസ് | 6 |

| | | | |
|---|---|---|---|
| 7 | അനിൽ.ജെ. മണിമല | സഹായി ഫുഡ് പ്രോഡക്ട്സ് | 8 |
| 8 | റ്റിജോ സെബാസ്റ്റ്യൻ, തയ്യിൽ | കേരള സോമിൽ | 4 |
| 9 | ജോജോ. റ്റി.എം, തോട്ടുചാലിൽ | തോട്ടുചാലിൽ ടയേഴ്സ് | 4 |

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1), (i) (ii) (iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും, തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും, ഒരു കമ്പനി 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും, ഒരു വ്യക്തി തൊഴിൽ കല, ബിസിനസ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെട്ടുമ്പോഴും വ്യക്തിയ്ക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിയ്ക്ക് വിധേയമാകുന്നതാണ്. ആയതിനാൽ തനതു വരുമാനം കുറവായ ഗ്രാമ പഞ്ചായത്തിന്റെ വരുമാന ചോർച്ച തടയുന്നതിനുള്ള മാർഗങ്ങൾ സ്വീകരിക്കേണ്ടതും അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3-2 സ്ഥാപനങ്ങളെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടും (2013-14, 2014-15 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2-ഡി ) താഴെ പറയുന്ന സ്ഥാപനങ്ങള തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവന്നിട്ടില്ല.

1)കുറിഞ്ഞി റബ്ബർ ഉദ്പാദക സംഘം മാനത്തൂർ

2) റബ്ബർ ഉദ്പാദക സംഘം കൊല്ലപ്പള്ളി

3)റബ്ബർ ഉദ്പാദക സംഘം, എലിവാലി

4)റബ്ബർ ഉദ്പാദക സംഘം നീലൂർ

5) കുറുമണ്ണ് ക്ഷീരോത്പാദക സംഘം നം.കെ.115(D) ആപ്കോസ്

6)കൊല്ലപ്പള്ളി ക്ഷീരോത്പാദക സംഘം നം.കെ.141(D)ആപ്കോസ്

7)കാവുങ്കണ്ടം ക്ഷീരോത്പാദക സംഘം നം.കെ.233(D)ആപ്കോസ്

8) നീലൂർ ക്ഷീരോത്പാദക സംഘം നം.കെ.40(D)ആപ്കോസ്

9)പിഴക് ക്ഷീരോത്പാദക സംഘം നം.കെ.160(D)ആപ്കോസ്

മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്ത നടപടി അംഗീകരിക്കാവുന്നതല്ല.ഗ്രാമ പഞ്ചായത്തിൽ നിന്നും ക്ഷീരകർഷകർക്കുള്ള സബ്സിഡി വിതരണം ചെയ്യുന്ന ക്ഷീരസംഘങ്ങൾ തൊഴിൽ നികുതി ഒടുക്കാത്തത് അംഗീകരിക്കാവുന്നതല്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1), (i) (ii) (iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും, തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും, ഒരു കമ്പനി 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും, ഒരു വ്യക്തി തൊഴിൽ കല, ബിസിനസ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെട്ടുമ്പോഴും വ്യക്തിയ്ക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിയ്ക്ക് വിധേയമാകുന്നതാണ്. മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളെ തൊഴിൽ നികുതി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3-3 സന്ധ്യ ഡവലപ്പ്മെന്റ് സൊസൈറ്റിയിലെ മുഴുവൻ ജീവനക്കാരുടേയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടുള്ള സന്ധ്യ ഡെവലപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ

പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയപ്പോൾ എല്ലാ ജീവനക്കാരുടെയും നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. ഒന്നാം അർദ്ധവർഷം 14 ജീവനക്കാരുടെയും (മാനേജർ മുതൽ ഓഫീസ് സ്റ്റാഫ് വരെ 180രൂപ നിരക്കിൽ) നികുതി 175രൂപ ദിവസവേതനം എന്ന് കാണിച്ച് ഒടുക്കിയിട്ടുണ്ട്. രണ്ടാം അർദ്ധവർഷം ഇപ്രകാരം 16 ജീവനക്കാരുടെയും നികുതി ഒടുക്കിയിട്ടുണ്ട്. എന്നാൽ 2015-16 വർഷം ഡി&ഒ ലൈസൻസിനായി സ്ഥാപനം സമർപ്പിച്ച അപേക്ഷ പ്രകാരം സൊസൈറ്റി നാല് സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കിയിട്ടുണ്ട്. അപേക്ഷ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ വിവരം | വ്യാപാരത്തിന്റെ വിവരം | അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | കെ.സി. തങ്കച്ചൻ. സെക്രട്ടറി, സന്ധ്യ ഡെവലപ്മെന്റ് സൊസൈറ്റി | സോപ്പ് നിർമ്മാണ യൂണിറ്റ് | 8 |
| 2 | കെ.സി. തങ്കച്ചൻ. സെക്രട്ടറി, സന്ധ്യ ഡെവലപ്മെന്റ് സൊസൈറ്റി | കറിപൗഡർ നിർമ്മാണ യൂണിറ്റ് | 22 |
| 3 | കെ.സി. തങ്കച്ചൻ. സെക്രട്ടറി, സന്ധ്യ ഡെവലപ്മെന്റ് സൊസൈറ്റി | വിസിബ് സോഫ്റ്റ് ടെക് | 15 |
| 4 | കെ.സി. തങ്കച്ചൻ. സെക്രട്ടറി, സന്ധ്യ ഡെവലപ്മെന്റ് സൊസൈറ്റി | കാർഷിക, അടുക്കള ഉപകരണങ്ങൾ നിർമ്മാണ യൂണിറ്റ് | 3 |
| | ആകെ | | 48 |

സ്ഥാപനത്തിൽ നിന്നും ലൈസൻസിനായി ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരമുള്ളതിലും വളരെ കുറച്ച് ജീവനക്കാരുടെ മാത്രമാണ് തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളത്. സ്ഥാപനത്തിലെ എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി യഥാർത്ഥ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-4-1 മോട്ടോർ ഉപയോഗിക്കുന്നതിന്റെ ഫീസ് കുറവായി ഈടാക്കി

2015-16 സാമ്പത്തിക വർഷം ഡി& ഒ ട്രേഡ് ലൈസൻസ് അനുവദിച്ചപ്പോൾ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന്റെ (എച്ച്. പി) അടിസ്ഥാനത്തിൽ ചില സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കിയതായി കാണുന്നില്ല. 1996ലെ കേരളാ പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടങ്ങൾ 17, 18, 20, 21 പ്രകാരം യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ചട്ടങ്ങളുടെ അനുബന്ധമായി നൽകിയിട്ടുള്ള പട്ടിക-III, IV പ്രകാരം ബാധകമായ ഫീസ് ചുമത്തേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ഫീസ് ചുമത്താതിരുന്ന

ലൈസൻസികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ/ വ്യാപാരത്തിന്റെ വിവരം | അപേക്ഷ പ്രകാരം കുതിരശക്തി | ഈടാക്കിയ ഫീസ് | രസീത് നമ്പർ | അനുബന്ധ രേഖകൾ പ്രകാരം കുതിരശക്തി | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|---|---|
| 1 | ജോസഫ് മാത്യു, കുഴിഞ്ഞാലിൽ, മെറ്റൽ ക്രഷർ | 360HP+ 320Kva | 3100 | 11502100158/ 20.4.15 | 360 HP+ 320Kva (*) | 3600+ 1715= 5315 | 2215 |
| 2 | രാജേഷ് ഫിലിപ്പ്, പുളിക്കൽ, വെൽഡിംഗ് ഇലക്ട്രോഡ് നിർമ്മാണം | 114 Hp | 2000 | 11402103649/ 26.2.15 | 114 Hp+ 62.5Kva (*) | 2000+ 500=2500 | 500 |
| 3 | മൊയ്തീൻ കുട്ടി നഹ, മട്ടി മണൽ നിർമ്മാണം | 60Hp+ 80 Kva | 1000 | 11502101120/ 9.9.15 | 60Hp+ 80 Kva (*) | 1000+ 500=1400 | 500 |
| 4 | ജോസ് അവറാച്ചൻ മറ്റത്തിൽ , പാറമട | Nil | - | 11502102725/ 15.3.16 | 45Hp | 500 | 500 |
| 5 | ജോസ്.സി.കാപ്പൻ. ഫ്ലവ്വമിൽ | 10Hp | 50 | 9/40365/ 1.7.15 | - | 100 | 50 |
| 6 | റിൻസൻ ജോസഫ്. ഫ്ലവ്വമിൽ | 20Hp | 100 | 11502100519/8.6.15 | - | 200 | 100 |
| 7 | ഇഗ്നേഷ്യസ്. റ്റി.ജോസ്, ഫ്ലവർമിൽ | 10Hp | - | 11502100510/ 5.6.15 | - | 100 | 100 |
| 8 | എം കെ കബീർ, മെറ്റൽ ക്രഷർ | 300Hp | 3000 | 1140210412122/ 10.3.15 | 300Hp+ 300KVA (*) | 3000+ 1608 =4608 | 1608 |
| | ആകെ | | | | | | 5573 |

(*) വൈദ്യുതി കൊണ്ടല്ലാതെ പ്രവർത്തിക്കുന്ന യന്ത്രങ്ങൾക്ക് പട്ടിക നാല് പ്രകാരം 1 HP യ്ക്ക് 5/- രൂപ നിരക്കിൽ

മോട്ടോർ ഉപയോഗിക്കുന്നതിന്റെ ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നമ്പർ-3) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ബന്ധപ്പെട്ട സ്ഥാപന ഉടമകളിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-4-2 മോട്ടോർ ഉപയോഗിക്കുന്നതിന്റെ ഫീസ് ഈടാക്കിയില്ല

ശ്രീ.സോണി.ജെ.ആന്റണി, ഏറത്ത് എന്നയാളുടെ ഭക്ഷ്യസംസ്കരണശാലയിൽ മോട്ടോർ സ്ഥാപിക്കുന്നതിന് സെക്രട്ടറിയുടെ 6.1.16ലെ A8-3195/15 നമ്പർ ഉത്തരവ് പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. 225/16 നമ്പരായി സ്ഥാപനത്തിന് 2015-16സാമ്പത്തിക വർഷം ഡി& ഒ ട്രേഡ് ലൈസൻസ് അനുവദിച്ചപ്പോൾ 100എച്ച് പി

ശേഷിയുള്ള യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന്റെ ഫീസ് ഈടാക്കിയില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 പ്രകാരം (പട്ടിക-III) 100 HP മോട്ടോർ പ്രവർത്തിപ്പിക്കുന്നതിന് ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നതിന് 1000/- രൂപ ലൈസൻസ് ഫീസായി ഈടാക്കേണ്ടതായിരുന്നു. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-4ന് മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4-3 ഡി&ഒ ട്രേഡ് ലൈസൻസ് അപാകതകൾ

2015-16 സാമ്പത്തിക വർഷം 243 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിരുന്നു.ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് 300സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇത് പ്രകാരം തൻ വർഷം 57 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നതായി വ്യക്തമാകുന്നു.മാത്രമല്ല റേഷൻ കടകൾ, കള്ളുഷാപ്പുകൾ, ക്ഷീരോത്പാദക സംഘങ്ങൾ, റബ്ബർ ഉത്പാദക സംഘങ്ങൾ, തുടങ്ങി നിരവധി സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. .മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും അംഗീകാരം നേടി പ്രവർത്തിക്കേണ്ട പല സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഇത്തരം അനുമതിപത്രങ്ങൾ ഉള്ളടക്കം ചെയ്തിട്ടില്ല. ഇതുമൂലം സ്ഥാപനത്തിന് തൻവർഷം വിവിധ വകുപ്പുകളുടെ അംഗീകാരം ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. മാത്രമല്ല സ്ഥാപനത്തെ സംബന്ധിക്കുന്ന പ്രസക്തമായ പല വിവരങ്ങളും ഇത്തരം സർട്ടിഫിക്കറ്റുകളിൽനിന്നും ലഭ്യമാണെന്നിരിക്കെ അനുമതിപത്രങ്ങളുടെ അഭാവം മൂലം പരിശോധനകൾക്ക് പ്രയാസം നേരിടുന്നു.

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്. ഈ ഇനത്തിൽ ഉണ്ടാകുന്ന നികുതി നഷ്ടം അവസാനിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പശു വിതരണം (വനിത)- അപാകതകൾ

പ്രോജക്ട് നം- 123/16

അടങ്കൽ- 960000 രൂപ ( വികസന ഫണ്ട്- 45000+
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 315000+
ഗുണഭോക്തൃവിഹിതം- 600000)

ചെലവ്- 960000 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്റിനറി സർജൻ.

സൂചിത പ്രോജക്ട് പ്രകാരം ശ്രീമതി രമണി സുകുമാരൻ, കുന്നംപുറത്ത് നീലൂർ എന്ന ഗുണഭോക്താവിന് പശുവിനെ വാങ്ങിയതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. വെറ്റിനറി സർജൻ നൽകിയ 40000 രൂപയുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക 15000 രൂപ പശുവിനെ നൽകിയ ശ്രീമതി അജിത ബാലകൃഷ്ണൻ, ആറുകണ്ടത്തിൽ എന്നയാൾക്ക് നല്കിയിട്ടുണ്ട് (ഡി. ഡി. നം. 069637/ 1.10.15). ഫയൽ പരിശോധിച്ചതിൽ 22.7.16 ന് പശു ചത്തു പോയതായി രേഖപ്പെടുത്തി കാണുന്നു. എന്നാൽ പശുവിന്റെ ഇൻഷ്വറൻസ് ക്ലെയിം ലഭിച്ചതിന്റെ വിവരവും വേറെ പശുവിനെ വാങ്ങി ഇൻഷ്വർ ചെയ്തതിന്റെ വിവരവും ഫയലിൽ ചേർത്തിട്ടില്ല. ടി അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പശുവിനെ വാങ്ങിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ വെറ്റിനറി സർജന്റെ വിലനിർണ്ണയസാക്ഷ്യപത്രം, ഇൻഷ്വർ ചെയ്തതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ 15000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിലനിർണ്ണയസാക്ഷ്യപത്രം, ഇൻഷ്വർ ചെയ്തതിന്റെ വിവരം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 എസ്. സി. വിദ്യാർഥികൾക്ക് ലാപ് ടോപ്പ് നൽകൽ- അപാകതകൽ

അടങ്കൽ- 120000 രൂപ (പ്രത്യേകഘടകപദ്ധതിവിഹിതം)

ചെലവ്- 119999 രൂപ (ബിൽ നം.1/ 15-16 / 24.2.16)

നിർവ്വഹണോദ്യോഗസ്ഥ- ഹെഡ് മിസ്ട്രസ്.

ടി പ്രോജക്ട് പ്രകാരം മൂന്ന് വിദ്യാർഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. M/S സൈപ്രസ് ഓഡിയോവിഷ്വൽസ് തോപ്പിൽ ബിൽഡിംഗ്സ് വടവാളൂർ എന്ന സ്ഥാപനത്തിന് 3 ലാപ് ടോപ്പിന്റെ വില 119999 രൂപ നൽകിയിട്ടുണ്ട് (ഇൻവോയ്സ് നം. 20/16.2.16). ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) ലാപ് ടോപ്പ് നൽകിയ 3 വിദ്യാർഥികളും നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മിസ്ട്രസും തമ്മിൽ ലാപ്ടോപ്പിന്റെ ഉപയോഗം സംബന്ധിച്ച വ്യവസ്ഥകളിൽ കരാറിലെത്തിയിട്ടില്ല.

2) ശ്രീ. മനു. പി..കെ. എന്ന വിദ്യാർഥിക്ക് അനുവദിച്ച ലാപ് ടോപ്പ് ടിയാന്റെ സഹോദരൻ വിനു പി. കെ. യാണ് കൈപ്പറ്റിയിട്ടുള്ളത്.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥ ലാപ് ടോപ്പ് നൽകിയ വിദ്യാർഥികളുമായി കരാറിലേർപ്പെട്ട് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ശ്രീ. മനു പി കെ എന്ന വിദ്യാർഥിക്ക് അനുവദിച്ച ലാപ് ടോപ്പ് ടിയാന് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-3 പാലിയേറ്റീവ് കെയർ പ്രോജക്ടിന് മരുന്നുവാങ്ങൽ- 49245/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല

പ്രോജക്ട് നമ്പർ- എസ് 69/2016

അടങ്കൽ/ 384305/-രൂപ (വികസന ഫണ്ട് പൊതുവിഭാഗം)

ചെലവ്- 384305/-രൂപ

ഡി.ഡി. നമ്പർ/ തീയതി- 138239/22.3.2016

നിർവഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പ്രോജക്ടിന് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഡി.ഡി. നമ്പർ 138239 പ്രകാരം 22.3.2016 ൽ 95356/- രൂപ നൽകിയിരുന്നു. സ്ഥാപനത്തിന്റെ 6.6.16ലെ ബിൽ നമ്പർ 1302പ്രകാരം 53994/-രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. ഇതിൽ 7883രൂപയുടെ മരുന്നുകൾ കാലാവധി കഴിഞ്ഞവ ആയതിനാൽ തിരികെ നൽകിയിട്ടുണ്ട്. 49245/-രൂപയുടെ മരുന്നുകൾ ഇനിയും കിട്ടുവാൻ അവശേഷിക്കുന്നതിനാൽ 49245/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ഗവ.ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ- നാളിതുവരെ മരുന്നുലഭിച്ചിട്ടില്ല

പ്രോജക്ട് നമ്പർ-എസ് 76/2016

അടങ്കൽ/ ചെലവ്- 150000/-രൂപ (മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം))

ബിൽ നമ്പർ/ തീയതി- 28/15.3.2016

നിർവഹണോദ്യോഗസ്ഥൻ- സെക്രട്ടറി

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എൻ ആർ എച്ച് എം ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങുന്നതിന് തയ്യാറാക്കിയ ഈ പ്രോജക്റ്റ്പ്രകാരം 150000/-രൂപ ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ഒടുക്കിയിരുന്നു. എന്നാൽ നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ലാത്തതിനാൽ 150000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഇളക്കിമാറ്റിയ സോളാർ തെരുവുവിളക്കുകൾ നാളിതുവരെ പുനഃസ്ഥാപിച്ചില്ല.

സോളാർ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് എസ് 156/2016 നമ്പരായി തയ്യാറാക്കിയ പ്രോജക്റ്റ്പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 39സോളാർ വിളക്കുകൾ സ്ഥാപിച്ചിരുന്നു. എന്നാൽ ഒന്നാംവാർഡിൽ (മാനത്തൂർ) സെന്റ് ജോസഫ്സ് ഹൈസ്കൂളിനു സമീപവും ആത്താനി ജംഗ്ഷനിലും സ്ഥാപിച്ച സോളാർ വിളക്കുകൾ മൂവാറ്റുപുഴ- പുനലൂർ ഹൈവേയുടെ നിർമ്മാണസമയത്ത് റോഡുനിർമ്മാണകമ്പനിയായിരുന്ന ഇ കെ കെ കമ്പനി ഇളക്കിമാറ്റിയിരുന്നു. പ്രസ്തുത ഭാഗങ്ങളിലെ റോഡുനിർമ്മാണം പൂർത്തിയായതിനാൽ ടി വിളക്കുകൾ പുനഃസ്ഥാപിക്കണമെന്ന് എ2-2962/2015/9.2.2016 നമ്പർ കത്തുപ്രകാരം നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ പുനഃസ്ഥാപിച്ചിട്ടില്ല. 36350/-രൂപ നിരക്കിൽ 2015-2016ൽ വാങ്ങിയ സോളാർ വിളക്കുകളുടെ വാറന്റി കാലയളവ് 3വർഷമാണ്. എന്നാൽ ഈ കാലയളവിൽ ഇവ പ്രവർത്തനയോഗ്യമാകാതെ നിഷ്ക്രിയമായി അവശേഷിക്കുന്ന സ്ഥിതിയാണ് നിലവിൽ സംജാതമായിട്ടുള്ളത്. ആയതിനാൽ ഈ വിളക്കുകൾ ഉചിതമായ സ്ഥലങ്ങളിൽ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | തെരുവുവിളക്ക് മീറ്ററിംഗ് | 42/ 26.3.2016 | 104760 | 104760 | - |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | എം എൻ ലക്ഷംവീട് കോളനിയിലേയ്ക്ക് കുഴൽകിണർ | 24/ 31.12.2015 | 65000/- | - | 65000/- |

| | | | | | |
|---|---|---|---|---|---|
| | നിർമ്മാണം | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് സമ്പൂർണ്ണ ഭവനപദ്ധതി | ജി ഒ എം എസ് നം725/2010/. തസ്വ.ഭ വ/4.3.2010 | 8268500 | 2881020 | 2302366 | - | 578654 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 370000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 370000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 370000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | പലിശ നിരക്ക് (%) | തുക |
|---|---|---|---|

| | | | |
|---|---|---|---|
| കടനാട് സർവീസ് സഹകരണ ബാങ്ക് | 5946/K | 10.5 | 100000 |
| | 5947/K | 10.5 | 100000 |
| | 5948/K | 10.5 | 100000 |
| | 5949/K | 10.5 | 70000 |
| ആകെ | | | 370000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1309/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2011-2012 | 2-6-2 | 177 | ശ്രീ.റെജിമോൻ | 11502101054/ 1.9.2015 |
| 2011-2012 | 2-6-1 | 358 | ശ്രീ.പി എൻ കൃഷ്ണൻകുട്ടി | 11502101055/ 1.9.2015 |
| 2002-03 | 3-3 | 224 | ശ്രീ.രാജീവ് ആർ | 11502101684/ 16.11.2015 |
| 2006-07 | 3-1-1 | 550 | ശ്രീ.കെ എസ് ശ്യാംകുമാർ | 11502102139/ 30.1.2016 |
| ആകെ | | 1309 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 26966853 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34769937 |
| വരവിനങ്ങളിലുള്ള നഷ്ടം | 8322 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 214245 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| 2-2-2 | 1749 | | ശ്രീ.പി എൻ ഉണ്ണിക്കൃഷ്ണശർമ്മ, സെക്രട്ടറി |
| 2-4-1 | 5573 | | |
| 2-4-2 | 1000 | | |
| ആകെ | 8322 | - | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 15000 | ശ്രീ എ.പി. നജീബ്, വെറ്ററിനറി സർജൻ |
| 3-3 | 49245 | ഡോ.യശോധരൻ ഗോപാലൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-4 | 150000 | ശ്രീ.പി എൻ ഉണ്ണിക്കൃഷ്ണശർമ്മ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം -ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ -ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി എൻ ഉണ്ണിക്കൃഷ്ണശർമ്മ, സെക്രട്ടറി | സെക്രട്ടറി, ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് | ഗ്രാമലക്ഷ്മി, മരങ്ങാട്ടുപിള്ളി പി.ഒ, കോട്ടയം-686535 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 ചെലവ് | എൽ.എഫ്.കെ.പി.7/781/അദാ/14/(2)/25.3.15 | 2 |
| 1998-99 | എൽ.എഫ്.കെ.പി.7/781/അദാ/14(5)12.1.05 | 5 |
| 1999-2000 | എൽ.എഫ്.കെ.പി.7/781/അദാ/14(6)/12.1.05 | 3 |
| 2000-01, 2001-02 (പ്ലാൻ) | എൽ.എഫ്.കെ.പി.7/706/03/10.1.05/2.2.05 | 12 |
| 2000-01 | എൽ.എഫ്.കെ.പി.7/781/അദാ/14(4)/25.3.15 | 7 |
| 2001-02 | എൽ.എഫ്.കെ.പി.7/781/അദാ/14/9.1.15 | 4 |
| 2002-03 | എൽ.എഫ്.കെ.പി.7/606/15/31.3.16 | 11 |
| 2003-04 | എൽ.എഫ്.കെ.പി.7/606/15/14.1.16 | 4 |
| 2004-05 | എൽ.എഫ്.കെ.പി.7-606/15/01.04.16 | 8 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.കെ.പി.1-190/അദാ./11/24.02.11 | 6 |
| 2006-07 | എൽ.എഫ്.കെ.പി.7/486/15/4.7.15 | 7 |
| 2007-08 | എൽ.എഫ്.കെ.പി.7/49/11/16.7.11 | |
| 2008-09 | എൽ.എഫ്.കെ.പി.7/50/11/16.7.11 | |
| 2009-10, 10-11 | എൽ.എഫ്.കെ.പി.7/1492/13/7.6.14 | 33 |
| 2011-12, 12-13 | എൽ.എഫ്.കെ.പി.7/1112/15/17.10.15 | 19 |
| 2013-14, 2014-15 | കെ എസ് എ കെ ടി എം പി7-991/16<br>തീയതി 3.10.2016 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെഎസ്എ.കെടിഎം.പി.2-1945/2016 തീയതി . 29.12.2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം